## (50.) മെഴുവേലി വെസ്റ്റ് സെന്റ് തെരേസാസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ഭാഗ്യസ്മരണാർഹനായ ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവ് സ്വർഗ്ഗീയ ദൗത്യത്തിന്റെ ആദ്യ നാളുകളിൽ തന്നെ പുനരൈക്യത്തിന്റെ വിത്തുപാകിയ മണ്ണാണ് മെഴുവേലി. 1934 ജനുവരി 15-ന് അഭിവന്ദ്യ പിതാവ് ഇപ്പോൾ സെമിത്തേരി സ്ഥിതി ചെയ്യുന്ന മണപ്പള്ളിയിൽ (ഈ സ്ഥലം ഇപ്പോൾ സെന്റ് തെരേസാസ് നഗർ എന്നാണ് അറിയപ്പെടുന്നത്) ജംഗ്ഷൻ സമീപമെത്തി. സെന്റ് മേരീസ് എന്ന നാമധേയത്തിൽ ദേവാലയത്തിന് ശിലയിട്ടു. 75 കുടുബങ്ങളാണ് അന്ന് പങ്കെടുത്തത്. തുടർന്ന് രണ്ട് ജർമ്മൻ വൈദികർ കാരക്കാട്ടു താമസിച്ച് സുവിശേഷ വേലക്കെത്തി. ഇവിടെ ആശാൻ പള്ളിക്കൂടവും ആരംഭിച്ചു. കിളന്നമണ്ണിൽ ഗീവറുഗീസ് വല്ല്യച്ചനായിരുന്നു വികാരി. ഇക്കാലയളവിൽ കർത്താവിൽ നിദ്രപാപിച്ച മുതക്കോട്ടു പടിഞ്ഞാറേതിൽ മത്തായിയുടെ ഭാര്യ അന്നമ്മയുടെ മൃതശരീരം ഇവിടെ സംസ്ക്കരിച്ചിരുന്നു. ഇങ്ങനെ സംസ്ക്കാരം നടത്തിയതിനെതിരെ ഒരു ഓർത്തഡോക്സ് സഭാംഗം കോടതിയിൽ കേസു നൽകി. ഓർത്തഡോക്സുകാരുടെ ദ്രോഹവും, കേസും, സാമൂഹിക ബഹിഷ്ക്കരണവും രൂക്ഷമായി. ഈ സമയത്താണ് പത്തനംതിട്ടയിൽ വർഗീസിന്റെ ഭാര്യ ശോശാമ്മ നിര്യാതയായത്. ഈ മൃതശരീരം നമ്മുടെ സ്ഥലത്ത് അടക്കം ചെയ്യാൻ മുൻപ് കേസ് കൊടുത്തവരും കൂട്ടാളികളും സമ്മതിച്ചില്ല. തുടർന്ന് മൃതശരീരം പൊതിഞ്ഞ് തോളത്തെടുത്ത് കൈമാറി കൈമാറി കാരക്കാട്ട് പള്ളിയിൽ കൊണ്ടുചെന്ന് സംസ്കരിക്കയുണ്ടായി. ഇത് ബാക്കിയുള്ള കുടുംബങ്ങളെ വളരെയധികം വേദനിപ്പിച്ചു. ഇതോടൊപ്പം രണ്ടാം ലോകമഹായുദ്ധത്തെ തുടർന്ന് ജർമ്മൻ വൈദീകർക്ക് തിരിച്ചുപോകേണ്ടി വന്നു. ഇതോടെ 1940 ആയതോടെ ആദ്യ ഇടവകയുടെ പ്രവർത്തനം നിലച്ചു. നമ്മോടൊപ്പം വന്നവർ വന്നിടങ്ങളിലേയ്ക്ക് തിരിച്ചു പോയി. ഇതിൽ ചില കുടുബങ്ങൾ ഇടവക സ്ഥാപനത്തിനുശേഷം വീണ്ടും സഭയോടൊപ്പം ചേർന്നു.

എന്നാൽ ദൈവദാസൻ വിതറിയ പുനരൈക്യത്തിന്റെ വിത്ത് കിടങ്ങന്നൂർ മെഴുവേലി പ്രദേശത്തെ ക്രൈസ്തവ വിശ്വാസികളുടെ ഹൃദയങ്ങളിൽ ജ്വലിച്ചുകൊണ്ടിരുന്നു. വിശ്വാസികളുടെ ആഗ്രഹപ്രകാരം അഭിവന്ദ്യ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത 1954-ലെ മധ്യവേനൽ അവധിക്കാലത്ത് മെഴുവേലിയിലെത്തി. ചാണശ്ശേരിൽ സി. തോമസിന്റെ ഇടപെടലാണ് ദേവാലയത്തിന്റെ ആരംഭത്തിന് കാരണഭൂതമായിട്ടുള്ളത്. ചക്കിഴേത്ത് മാത്തൻ ചെറിയാന്റെ വീട്ടിൽ വെച്ചു നടന്ന പ്രാർത്ഥനയോടെ വീണ്ടും ഇടവക പ്രവർത്തനങ്ങൾക്ക് തുടക്കമായി. തുടർന്ന് പ്രദേശത്തു നിന്നും വിളയശ്ശേരിൽ കെ.വി.ശാമുവൽ തിരുവനന്തപുരം പട്ടം അരമനയിലെത്തി മലങ്കര സഭയിലേയ്ക്ക് ചേർന്നു. ഇതിനിടയിൽ മെഴുവേലിയിൽ ആരാധനക്കായി പള്ളി പണിയണമെന്നാവശ്യപ്പെട്ട് 1955-ൽ ചാണാശ്ശേരിൽ സി.തോമസിന്റെ നേതൃത്വത്തിൽ കിടങ്ങന്നൂർ-മെഴുവേലി പ്രദേശങ്ങളിലുള്ള അൻപത് കുടുംബങ്ങൾ ഒപ്പിട്ട ഒരു കത്ത് ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയ്ക്ക് നൽകുകയുണ്ടായി. അങ്ങനെയാണ് 1956 ജനുവരി 17-ന് ചക്കിഴേത്ത് മാത്തൻ ചെറിയാന്റെ ഭവനത്തിൽ ചില കുടുംബങ്ങൾ അഭിവന്ദ്യ പിതാവിന്റെ സാന്നിധ്യത്തിൽ വീണ്ടും ഒത്തു ചേർന്നത്. ദേവാലയ സ്ഥാപനത്തിന് വസ്തു വാങ്ങുന്നതിന് അന്നു തീരുമാനിച്ചു. കിടങ്ങന്നൂർ മെഴുവേലി അതിർത്തിയിൽ മെഴുവേലി വായനശാല ജംഗ്ഷനോടു ചേർന്ന് ഇപ്പോൾ ദേവാലയം സ്ഥിതി ചെയ്യുന്ന അമ്പതു സെന്റ് സ്ഥലം 2500 രൂപാ വില നൽകി വാങ്ങി. (മെഴുവേലി-ആറന്മുള പഞ്ചായത്ത് അതിർത്തിയിലുള്ള റോഡിന്റെ സൈഡിലാണ് നമ്മുടെ ദേവാലയം സ്ഥിതിചെയ്യുന്നത്). അരമനയിൽ നിന്നുമാണ് വസ്തുവിന് ഈ പണം മുടക്കിയത്. ഉള്ളന്നുരിൽ നിന്നും എത്തിയ മലഞ്ചരുവിൽ മത്തായി സാറിന്റെ നേതൃത്വത്തിൽ പുതിയതായി വാങ്ങിയ സ്ഥലത്തിന്റെ മുകൾഭാഗം നിരപ്പാക്കി കല്ലൻമുള കൊണ്ട് ഷെഡ്ഡുണ്ടാക്കി. ചാപ്പൽ നിർമ്മാണത്തിന് ചെങ്ങന്നൂർ മാമ്പഴശ്ശേരി ഗീവർഗീസ് ഒ.ഐ.സി അച്ചന്റെ മേൽനോട്ടവും അനുഗ്രഹമായി. അത് നന്ദിയോടെ സ്മരിക്കുന്നു. 1956 ജനുവരി 26-ന് സെന്റ് മേരീസ് എന്ന നാമകരണം ചെയ്ത് ദേവാലയ പ്രതിഷ്ഠ നടത്തി. ചേപ്പാട്ട് ഫിലിപ്പോസ് റമ്പാനാണ് കൂദാശ നിർവ്വഹിച്ചത്. ഈവാനിയോസ് പിതാവിനൊപ്പം പുനരൈക്യപ്പെട്ട ജോൺ കുഴിനാപ്പുറത്ത് ഒ.ഐ.സി. അച്ചന്റെ സേവനവും ലഭിച്ചിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ ഓടിട്ട ചെറിയ

ദേവാലയവും നിർമ്മിക്കാൻ ഇടവകക്കാർക്ക് സാധിച്ചു. വൈദീകർക്കു വിശ്രമിക്കാൻ ഒരു മുറിയും ചാപ്പലിനോട് ചേർന്ന് നിർമ്മിച്ചിരുന്നു.

ചാണാശ്ശശേരിൽ, ചക്കിഴേത്ത്, കോട്ടപ്പടിക്കൽ, മുക്കുങ്കൽ, വിളയശ്ശേരിൽ എന്നീ കുടുബക്കാരാണ് ആദ്യമായി അഭിവന്ദ്യ പിതാവിനു മുന്നിൽ മുട്ടുകുത്തി മലങ്കര കത്തോലിക്കാ വിശ്വാസം സ്വീകരിച്ചത്. തൊട്ടടുത്ത നാളുകളിലും വർഷങ്ങളിലുമായി മറ്റു കുടുംബങ്ങളും പുനരൈക്യത്തിന്റെ ഭാഗമായി. അക്കാലത്ത് മാസത്തിൽ രണ്ട് ഞായറാഴ്ചകളിൽ മാത്രമാണ് വിശുദ്ധ കുർബാന ഉണ്ടായിരുന്നത്. കുർബാനയില്ലാത്ത ഞായറാഴ്ചകളിൽ ജപമാലയും മറ്റ് പ്രാർത്ഥനകളും നടന്നിരുന്നു. ഈ പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കിയിരുന്നത് ചക്കിഴേത്ത് മാത്തൻ ചെറിയാനാണ്. അരമനയിൽനിന്നും ഉപദേശി എന്ന പ്രത്യേക സ്ഥാനം തന്നെ അന്ന് അദ്ദേഹത്തിന് നല്കിയിരുന്നു. ഇടവകയിൽ നിന്നുള്ള ആദ്യ ശുശ്രൂഷകൻ വിളയശ്ശേരിൽ സ്ക്കറിയാ വർഗീസ് ആണ്.

ഇടവകയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം നല്കിയ ചാണാശ്ശേരിൽ സി.തോമസ് (കുഞ്ഞോമാച്ചായൻ), വിളയശ്ശേരിൽ കെ. വി. ശാമുവേൽ, കോട്ടപ്പടിക്കൽ കുഞ്ഞുമ്മൻ തോമസ് (ഉണ്ണിച്ചായൻ), മുക്കുങ്കൽ കുട്ടിച്ചായൻ, ചക്കിഴേത്ത് മാത്തൻ ചെറിയാൻ (പാപ്പിച്ചായൻ) എന്നിവരുടെ സേവനം അനുസ്മരണീയമാണ്. ഇടവക പ്രവർത്തനം ആരംഭിച്ചതോടെ സഹോദരീ സഭകൾ കത്തോലിക്കാ സഭക്കെതിരെ ആരോപണങ്ങളും അക്രമണങ്ങളും വ്യാപകമാക്കി. ഇതോടെ ചേപ്പാട്ട് ഫിലിപ്പോസ് റമ്പാൻ സ്ഥലത്തെത്തി. അദ്ദേഹം മൂന്നു ദിവസം നീണ്ട കൺവൻഷൻ നടത്തി. നമ്മുടെ വിശ്വാസം കൂടുതൽ ബലപ്പെടുത്തുകയും, പൊതുസമൂഹത്തിന് കൈമാറുകയും ചെയ്തു. 1962-ൽ യുവവൈദീകൻ ഫാ.ജോൺ പുത്തൻവിളയിൽ ഇടവക വികാരിയായി ചാർജ്ജ് എടുത്തു. അതോടെയാണ് പുതിയ ദേവാലയം എന്ന ആശയം പ്രവർത്തിപഥത്തിലെത്തിയത്. പ്രാരംഭ ഘട്ടത്തിൽ തന്നെ 2000 രൂപാ പിരിച്ചെടുത്ത് ഇടവക കമ്മിറ്റി തിരുമേനിയെ ഏല്പിച്ചു. പത്തടി താഴ്ചയിൽ വരെ മണ്ണെടുത്തു മാറ്റി ഭൂമി നിരപ്പാക്കി. ഇതു ചെയ്തത് മുഴുവൻ ഇടവകാംഗങ്ങളും ചേർന്നാണ്. ദേവാലയ പണിയുടെ മെയ്ക്കാട് പ്രവർത്തികളും നിർവഹിച്ചത് ഇടവകാംഗങ്ങളായിരുന്നു. ദേവാലയത്തിന്റെ ഓരോ കല്ലിലും ഇടവകാംഗങ്ങളുടെ വിയർപ്പിന്റെ അംശമുണ്ടെന്നു പറയുന്നത് അതിനാലാണ്. ഈ ജൈവബന്ധമാണ് ഇടവക സമൂഹത്തിന്റെ മുതൽക്കൂട്ട്. ഇതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഓരോ കുടുംബവും 40 തൊഴിൽ ദിനങ്ങൾ എന്ന ക്രമത്തിലാണ് സേവനം അനുഷ്ഠിച്ചത്. ആകെ ചിലവായത് 85000 രൂപയാണ്. അമേരിക്കയിലെ ന്യൂയോർക്ക് സ്വദേശിനി ലൂയിസ് ഹെൻട്രി മക്കളുടെ മാനസാന്തരത്തിനായി ഒരു തുക സമർപ്പിച്ചിരുന്നു. വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമധേയത്തിലായിരുന്നു നേർച്ച. ആ മഹതി നൽകിയ തുകയാണ് ദേവാലയ നിർമ്മിതിക്കുള്ള മുഖ്യ സാമ്പത്തിക ശ്രോതസ്സ്. ഈ സഹായത്തിന്റെ അടിസ്ഥാനത്തിലാണ് ദേവാലയം വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമധേയത്തിൽ പ്രതിഷ്ഠിതമായത്. 1970 ഫെബ്രുവരി-7 ന് അഭിവന്ദ്യ ബനഡിക്ക് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത പുതിയ ദേവാലയത്തിന്റെ കൂദാശ നിർവഹിച്ചു.

ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഇടവകയിൽ പ്രഥമ ശിശുജ്ഞാനസ്നാനം നടന്നത് 1956 ഏപ്രിൽ 29-നാണ്. കോട്ടപ്പടിക്കൽ ഉണ്ണിച്ചായന്റെ മകൾ എലിസബേത്ത് എന്ന മാമോദീസ പേരുള്ള ശാന്തമ്മയെ ഫാദർ മത്തായി മലഞ്ചരുവിലാണ് മാമോദീസ മുക്കിയത്. 2006-ൽ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ദേവാലയത്തിന്റെ സീലിംഗ് വർക്കുകൾ നടത്തി. മദ്ബഹായുടെ തറയിൽ ടൈൽ ഇടുകയും അൽത്താരയോടു ചേർന്ന ഭാഗം ആദ്യഘട്ടമായി ആറടി ഉയർത്തി തടികൊണ്ട് പാനൽ ചെയ്യുകയും ചെയ്തു. 2016-ൽ ദേവാലയ വ്രജജുബിലിയോട് അനുബന്ധിച്ച് മദ്ബഹയുടെ കവാടവും അൽത്താരയും പാരമ്പര്യ തനിമയിൽ നവീകരിച്ചു. ബലിപീഠത്തോടു ചേർന്നുള്ള ഭാഗത്തിന്റെ രണ്ടാം ഘട്ട നവീകരണവും നടത്തി. കെസ്രതുമയും ഇക്കാലത്താണ് പണിതത്. ദേവലായത്തിൽ കൊച്ചുത്രേസ്യാ പുണ്യവതിയുടെ തിരുശേഷിപ്പ് പ്രതിഷ്ഠിച്ചതും വജ്രജൂബിലിയോടനുബന്ധിച്ച് 2016 ഒക്ടോബർ 9-നാണ്. തുടർന്ന് സംസ്ഥാന സർക്കാർ പി.ഡബ്ല്യു.ഡി. മുഖേന കിടങ്ങന്നൂരിൽ സ്ഥാപിച്ച ദിശാബോർഡിൽ തിരുശേഷിപ്പ് പ്രതിഷ്ഠിത ദേവാലയം എന്നും കിടങ്ങന്നൂരിൽ നിന്നുള്ള

ദൂരവും സഹിതം രേഖപ്പെടുത്തിയിട്ടുണ്ട്. സഭ ഔദ്യോഗിക തീർത്ഥാടന കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള ദേവാലയങ്ങൾക്കുപോലും ലഭിക്കാത്ത പദവിയാണിത്. ഇത് ഗൂഗിളിൽ നമ്മുടെ ദേവാലയത്തിന്റെ നാമവും ഉൾപ്പെടാൻ കാരണമാകുന്നു. 2015 ജനുവരി മുതലാണ് ഫാദർ ദാനിയൽ കൊഴുവക്കാടിന്റെ നേതൃത്വത്തിൽ വിശുദ്ധയുടെ നാമധേയത്തിൽ പ്രത്യേക നൊവേന ആരംഭിച്ചത്. പിന്നീട് ഇത് പരിഷ്കരിച്ച് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇപ്പോഴും നൊവേന നടക്കുന്നു. 9 ആഴ്ചകളിൽ തുടർച്ചയായി നൊവേനയിൽ പങ്കെടുത്താൽ ഉദ്ദിഷ്ടകാര്യം സാധിക്കും എന്നാണ് വിശ്വാസം. പുണ്യവതിയുടെ നടത്തിപ്പാണ് ഇതിനുപിന്നിൽ എന്ന് വിശ്വസിക്കുന്നു. ഇന്ന് 61 കുടുംബങ്ങളുള്ള സമൂഹമായി ഈ ഇടവക മാറി. സ്വർഗ്ഗസ്ഥ പിതാവിന്റെ അത്ഭുതകരമായ ഇടപെടലും, ദേവാലയ മധ്യസ്ഥയായ പുണ്യവതിയുടെ പ്രാർത്ഥനയും പൂമഴ പോലെയാണ് ലഭിക്കുന്നത്. അഭിവന്ദ്യ പിതാക്കന്മാരുടേയും സഭാ നേതൃത്വത്തിന്റെയും, വൈദികരുടെയും സ്നേഹനിധികളായ ബഥനി സന്യാസിനി സമൂഹത്തിന്റെയും സഹായം വിവിധ ഘട്ടങ്ങളിൽ ലഭിച്ചതും നന്ദിയോട് സ്മരിക്കുന്നു.

ഇടവകയുടെ തുടക്കംമുതൽ കാലാകാലങ്ങളായി തങ്ങളുടെ നിസ്തുലസേവനം ഇടവകയ്ക്ക് സമർപ്പിച്ചിട്ടുള്ള ട്രസ്റ്റിമാർ, സെക്രട്ടറിമാർ, കമ്മറ്റി അംഗങ്ങൾ, സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർമാർ, അധ്യാപകർ, വിവിധ ഭക്തസംഘടനാ പ്രവർത്തകർ തുടങ്ങി ഇടവകയുടെ ഉന്നമനത്തിനായി പ്രവർത്തിച്ചവരെ ഇത്തരുണത്തിൽ നന്ദിയോടെ സ്മരിക്കുന്നു. ലീജിയൻ ഓഫ് മേരി, മാതൃസംഘം, വിൻസന്റ് ഡീ പോൾ, പ്രാർത്ഥനാകൂട്ടം, എം.സി.വൈ.എം., എം.സി.എ., തിരുബാലസഖ്യം എന്നീ ആദ്ധ്യാത്മിക സംഘടനകളും ഇടവകയിൽ പ്രവർത്തിച്ചുവരുന്നു. ഇതിൽ ലീജിയൻ ഓഫ് മേരി, തിരുബാലസഖ്യം എന്നിവയുടെ പ്രവർത്തനം ഇപ്പോഴില്ല.

ഡോക്ടർമാർ, എഞ്ചിനിയർമാർ, പി.എച്ച്.ഡി.ബിരുദധാരികൾ, സൈനികർ, പ്രഫസർമാർ, അധ്യാപകർ, ബാങ്ക് ഓഫീസർമാർ, ചരിത്രകാരന്മാർ, കെമിസ്റ്റുകൾ, പ്രതപ്രവർത്തകർ, മെഡിക്കൽ റെപ്രസന്റേറ്റീവ് സോണൽ മാനേജർ, ഓഷധവിതരണക്കാർ, എൽഐസി ഡിവിഷൻ മാനേജർ, ജിയോളജിസ്റ്റ്, റെയിൽ ജീവനക്കാർ, ഡോക്യുമെന്റ് റൈറ്റേഴ്സ്, പ്രവാസി വ്യവസായികൾ, പ്രവാസി ജീവനക്കാർ, കർഷകർ, കേന്ദ്രഗവൺമെന്റ് ആഡിറ്റർ, ആരോഗ്യപ്രവർത്തകർ, കാർഷീക വിദഗ്ധർ, മികച്ച ഫാം ഉടമകൾ, മികച്ച കർഷകർ, സാങ്കേതിക വിദഗ്ധർ തുടങ്ങി മറ്റ് മേഖലകളിൽ ഉൾപ്പടെ ആധുനീക കാലത്തെ കേരളത്തിന്റെ പരിഛേദമായി മാറാൻ ഈ ഇടവക സമൂഹത്തിന് കഴിഞ്ഞതിൽ സന്തോഷവും ദൈവത്തോട് കൃതാർത്ഥതയുമുണ്ട്.

**ഇടവകയിലെ പ്രധാന ദിനങ്ങളും മറ്റും കാര്യങ്ങളും**

ഇടവക മധ്യസ്ഥ - വിശുദ്ധ കൊച്ചുത്രേസ്യാ

ഇടവക ദിനം - ഒക്ടോബർ - 2

പെരുന്നാൾ ദിനം. ഒക്ടോബർ 1

വിശുദ്ധയുടെ തിരുശേഷിപ്പ് പ്രതിഷ്ഠ - 2016 ഒക്ടോബർ 9

(വിശുദ്ധ ധരിച്ചിരുന്ന വസ്ത്രത്തിന്റെയും ശരീരത്തിന്റെയും ഭാഗങ്ങളാണ് തിരുശേഷിപ്പായി ലഭിച്ചത്. മേജർ ആർച്ച് ബിഷപ്പ് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലിമ്മീസ് കാതോലിക്കാ ബാവാ തിരുമനസ്സ്പ്രതിഷ്ഠാകർമ്മം നിർവഹിച്ചു) റോമിലെ തിരുസിംഹാസനമാണ് വിശുദ്ധയുടെ തിരുശേഷിപ്പിന്റെ സാക്ഷ്യപ്രതം നല്കിയിട്ടുള്ളത്.

5. ഇടവക കുടുംബങ്ങൾ - 61

**ഇടവകയുടെ സ്ഥാപക ജംഗമ വസ്തുക്കൾ**

1. സെമിത്തേരി ചാപ്പൽ 1984-ൽ നിർമ്മിച്ചു. 1998 ഡിസംബർ 28-ന് പുതുക്കി പണിത ചാപ്പൽ മേജർ

ആർച്ചുബിഷപ്പ് മോറാൻ മോർ സിറിൾ ബസേലിയോസ് കാതോലിക്കാ ബാവ കൂദാശ ചെയ്തു.)

2. സെമിത്തേരി പറമ്പിലെ കുരിശടി. (1389 ഡിസംബർ 4-ന് കൂദാശ ചെയ്തു. 2009 ഒക്ടോബർ 1-ന് നവീകരിച്ച കുരിശടി അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തയാണ് കൂദാശ ചെയ്തത്)

3. ദേവാലയത്തോടു ചേർന്ന മാതാവിന്റെ ഗ്രോട്ടോ. (2008 ഫെബ്രുവരി 10ന് വന്ദ്യ കുരിശുമല മാത്യുസ് റമ്പാൻ കൂദാശ ചെയ്തു)

4. ദേവാലയത്തോടു ചേർന്നുള്ള വിശുദ്ധ കൊച്ചത്രേസ്യയുടെ ഗ്രോട്ടോ.

(ഒക്ടോബർ 2-ന് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത കൂദാശ നിർവഹിച്ചു)

5. വൈദീക ഭവനം. (2006 ആഗസ്റ്റ് 27-ന് അഭിവന്ദ്യ ഗീവർഗീസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത കൂദാശ ചെയ്തു)

**ഇടവകയുടെ വസ്തുവകകൾ**

1. ദേവാലയം സ്ഥിതി ചെയ്യുന്ന പുരയിടം റീസർവ്വേ പ്രകാരം 61.75 സെന്റ് വിസ്തീർണ്ണം. (വില 2500 രൂപാ അരമനയിൽ നിന്നും വാങ്ങി നല്കി. കിടങ്ങന്നൂർ വില്ലേജിൽ. ബ്ലോക്ക് നമ്പർ. 5, സർവ്വേ നമ്പർ 215/1)

2. സെമിത്തേരി പറമ്പ്. 64.714 സെന്റ് .1934 ൽ ഈവാനിയോസ് പിതാവ് വാങ്ങി നൽകി. (കിടങ്ങന്നൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ രണ്ടിൽ സർവ്വേ നമ്പർ. 501/16)

3. ദേവാലയത്തിനു തെക്കുവശമുള്ള ഭൂമി റീസർവ്വേ പ്രകാരം 43.966 സെന്റ്. 1976 ൽ വാങ്ങി. (മെഴുവേലി വില്ലേജിൽ ബ്ലോക്ക് നമ്പർ 5, സർവ്വേ നമ്പർ 215/4) (12,500 രൂപയ്ക്കാണ് വാങ്ങിയത്. ഇടവകാംഗങ്ങൾ 6000 രൂപ നൽകി. അരമനയിൽ നിന്നും 4000 രൂപ ലഭിച്ചു. ബാക്കി 2500 രുപ. ഇടവക വികാരി റവ.ഫാ.തോമസ് മരുതൂർ അച്ചനാണ് സംഭാവനയായി നൽകിയത്)

**ദൈവവിളികൾ**

1. ഫാ. സഖറിയാസ് നെടിയകാലായിൽ (1979 ഏപ്രിൽ 4-ന് വൈദീകനായി അഭിഷിക്തനായി 2020 ജനുവരി 22-ന് കർത്താവിൽ നിദ്രപ്രാപിച്ചു).

2. റവ. സിസ്റ്റർ മേരി ബൻസി ഡി എം. (ഡോട്ടേഴ്സ് ഓഫ് മേരി സന്യാസസമൂഹ അംഗമായി 1977 മെയ് 16-ന് നിത്യവ്യത വാഗ്ദാനം)

3. റവ. സിസ്റ്റർ. ക്രിസ്റ്റ എസ് ഐ സി (2007 ഏപ്രിൽ 26-ന് ബഥനി സന്യാസസമുഹ അംഗമായി നിത്യവ്യതവാഗ്ദാനം)

**ഇടവകയിൽ സേവനം അനുഷ്ഠിച്ച വൈദികർ**

1. ഫാ. മത്തായി മലഞ്ചരുവിൽ
2. ഫാ. ജേക്കബ് കിളന്നമണ്ണിൽ
3. ജോൺ പുത്തൻവിളയിൽ കോർ എപ്പിസ്ക്കോപ്പാ
4. മാത്യു വാഴപ്പിള്ളേത്ത് റമ്പാൻ
5. ഫാ. തോമസ് മരുതൂർ
6. ഫാ. ശാമുവൽ തുണ്ടിയിൽ

7. മാത്യു പൊൻമേലിൽ കോർഎപ്പിസ്‌ക്കോപ്പാ

8. ഫാ. ജേക്കബ് കളിയന്താനം

9. ഫാ. ഗീവർഗീസ് ചരുവിള

10. ഫാ.ജോഷ്വാ താഴത്തേതിൽ

11. ജയിംസ് പാറവിള കോർ എപ്പിസ്‌ക്കോപ്പ

12. ഫാ. സാമുവൽ പുത്തൻപുരയിൽ

13. ഫാ. വർഗീസ് ശാമുവൽ കിഴക്കേവിളയിൽ

14. ഫാ. സഖറിയാസ് നെടിയകാലായിൽ

15. ഫാ. ജോസഫ് തുണ്ടിയുഴത്തിൽ

16. ഫാ. ജോഷ്വാ മാവേലിൽ

17. ഫാ. ദാനിയേൽ ബഥേൽ

18. ഫാ. റോബിൻ തൈക്കൂട്ടത്തിൽ

19. ജോർജ്ജ് ജേക്കബ് കോർ എപ്പിസ്‌ക്കോപ്പാ

20. ഫാ.റോബിൻ മനക്കലേത്ത്

**ഇടവകയിൽ സേവനം അനുഷ്ഠിച്ച സഹവികാരിമാർ**

1. ഫാ. അജി താന്നിമുട്ടിൽ

2. ഫാ. സെബാസ്റ്റ്യൻ കിഴക്കേതിൽ

3. ഫാ. ദാനിയേൽ കൊഴുവക്കാട്ട്

4. ഫാ. തോമസ് ചെറുതോട്

ഇവകയിൽ നിന്നുള്ള സുവിശേഷകർ

1. ബിജോയി മാത്യു ജോൺസൺ, പുന്നമലചരിവുപറമ്പിൽ - (സങ്കേത ഭവനിൽ പോൾ നൈനാൻ റമ്പാച്ചനൊപ്പം സുവിശേഷവർക്കറായി സേവനം അനുഷ്ഠിക്കുന്നു)

2. സി. ഒ. വർഗീസ് ചിറക്കരോട്ട് (രൂപതാതല സുവിശേഷ സംഘാംഗം കോഡിനേറ്റർ)

3. ഓമന ജോസ് കല്ലുക്കാട്ട് (സഭാതല സുവിശേഷ സംഘാംഗം)

**പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ (2020 വരെ)**

1. വി. കെ. പാപ്പച്ചൻ ആനന്ദ ഭവൻ

2. കെ. എ. തോമസ് തിരുഹൃദയ ഭവൻ

3. ബാബു തോമസ് കോട്ടപ്പടിക്കൽ

4. സി. ഒ. വർഗീസ് ചിറക്കരോട്ട്

**ഇടവക ജൂബിലികൾ**

രജതജൂബിലി - 1981 ഡിസംബർ 26, 27, 28 തീയതികളിൽ നടന്നു.

സുവർണ്ണ ജൂബിലി - 2006 സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 2 വരെയുള്ള ദിവസങ്ങളിൽ സുവർണ്ണ ജൂബിലി നടന്നു. അന്ന് തിരുവല്ല രൂപത അധ്യക്ഷനായിരുന്ന അഭിവന്ദ്യ ഐസക് മാർ ക്ലീമ്മീസ് മ്രെതാപ്പോലീത്തയാണ് ജൂബിലി ഉദ്ഘാടനം നിർവഹിച്ചത്.

വജ്രജുബിലി - 2015 ഒക്ടോബർ 2-ന് അഭിവന്ദ്യ യൂഹാനോൻ മോർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത ഉദ്ഘാടനം

ചെയ്തു. 2016 ഒക്ടോബർ 9-ന് തിരുശേഷിപ്പ് പ്രതിഷ്ഠ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ ബസേലിയോസ് കർദ്ദിനാൾ ക്ലീമ്മിസ് കാതോലിക്കാ ബാവ നിർവഹിക്കുകയും ജുബിലി ആഘോഷത്തിന്റെ സമാപനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.